**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 933** | **07-12-2022 - ൽ മറുപടിയ്ക്ക്**

**കേരള എംപവർമെന്റ് സൊസൈറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ ഒരേസമയം തൊഴിൽ സംരംഭകരും തൊഴിൽദാതാക്കളുമാക്കി മാറ്റുന്നതിനുവേണ്ടി കേരള എംപവർമെന്റ് സൊസൈറ്റി രൂപീകരിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ യുവജനങ്ങൾക്ക് തൊഴിലവസരവും വരുമാനവും ഉപജീവനവും ലഭ്യമാക്കുന്നതിനായി രൂപം നൽകിയ പദ്ധതിയാണ് എംപവർമെന്റ് സൊസൈറ്റികൾ. പട്ടികവിഭാഗം യുവതീ-യുവാക്കളെ ഒരേസമയം തൊഴിൽ സംരംഭകരായും തൊഴിൽദാതാക്കളായും മാറ്റുന്നതിനും ശരിയായ മാർഗനിർദ്ദേശവും പരിശീലനവും സാമ്പത്തിക സഹായവും പിന്തുണയും നൽകി സ്വയംപര്യാപ്തരാക്കുന്നതിനുമായി 2022-23-ലെ നയപ്രഖ്യാപനത്തിൽ ഉൾപ്പെട്ടിട്ടുള്ള ഈ പദ്ധതി രൂപീകരണത്തിന്റെ അന്തിമഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം സംരംഭങ്ങൾ തുടങ്ങുന്നതിനുവേണ്ടി ഏതെല്ലാം വിധത്തിലുള്ള സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ; | (ബി) | പദ്ധതി അന്തിമമാക്കുന്ന നടപടികളാണ് നിലവിൽ സ്വീകരിച്ചുവരുന്നത്. അതിന് ശേഷം മാത്രമേ വിശദാംശങ്ങൾ വ്യക്തമാക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) | ഭീമമായ തുക നിക്ഷേപിക്കേണ്ടി വരുന്ന പുതിയ സംരംഭങ്ങൾക്ക് പ്രസ്തുത പദ്ധതി പ്രകാരം ധനസമാഹരണത്തിന് ഏതെല്ലാം വിധത്തിലുള്ള സഹായങ്ങളാണ് നൽകുന്നതെന്ന് വിശദീകരിക്കുമോ; | (സി) | പദ്ധതി അന്തിമമാക്കുന്ന നടപടികളാണ് നിലവിൽ സ്വീകരിച്ചുവരുന്നത്. അതിന് ശേഷം മാത്രമേ വിശദാംശങ്ങൾ വ്യക്തമാക്കുവാൻ സാധിക്കുകയുള്ളൂ. |
| (ഡി) | അഭ്യസ്തവിദ്യരായ മുഴുവൻ പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കും പദ്ധതി പ്രകാരം തൊഴിലോ സംരംഭമോ ഉറപ്പാക്കുന്നതിന് കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | പദ്ധതി അന്തിമമാക്കുന്ന നടപടികളാണ് നിലവിൽ സ്വീകരിച്ചുവരുന്നത്. അതിന് ശേഷം മാത്രമേ വിശദാംശങ്ങൾ വ്യക്തമാക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ